
ബൈബിൾ ചിത്രകഥ

# കായേനും ആബേലും



# കായേനും ആബേലും

രചന

മൈക്കിൾ കാരിമറ്റം

ചിത്രീകരണം

ദേവസി

# കായേനും ആബേലും

"ക്ലാസ്സിൽ ഒന്നാമനാകണം" - മാതാപിതാക്കന്മാരും അധ്യാപകരും കുട്ടികളോട് സാധാരണ പറയാറുള്ളതാണിത്. ഒന്നാമനാകണം എന്ന ആഗ്രഹം കുട്ടികളിൽ ജനിപ്പിക്കുന്നതിലൂടെ മുതിർന്നവർ ലക്ഷ്യം വയ്ക്കുന്നത് അവരുടെ സമഗ്രമായ വളർച്ചയാണ് എന്നതിൽ സംശയമില്ല.

എന്നാൽ ഒന്നാമൻ ആകാനുള്ള ശ്രമത്തിൽ മറ്റുള്ളവരെ തങ്ങളുടെ എതിരാളികളും ശത്രുക്കളുമായി കാണാനുള്ള പ്രവണത തലപൊക്കാൻ സാധ്യതയുണ്ട്. അപ്പോൾ ഏതുവിധേനയും മറ്റുള്ളവരെ പിന്നിലാക്കുകയും കീഴ്പെടുത്തുകയും സ്വന്തം വിജയത്തിന് ആവശ്യമാണ് എന്ന ധാരണ വളരുന്നു. സാവധാനം മറ്റുള്ളവരുടേതുകൂടെ സ്വന്തമാക്കാനും എല്ലാവരുടെയും മേൽ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമം തുടങ്ങുന്നു അപ്പോൾ മനുഷ്യർ പരസ്പരം സഹോദരങ്ങൾ ആണെന്നും എല്ലാവർക്കും ജീവിക്കാനും വളരാനും സ്വന്തം കഴിവുകൾ വികസിപ്പിക്കാനും അവകാശമുണ്ട്

എന്നുമുള്ള യാഥാർത്ഥ്യങ്ങൾ വിസ്മരിക്കപ്പെടുന്നു; കിടമത്സരം ഉടലെടുക്കുന്നു

ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കുന്ന ഒന്നാം ക്ലാസിലെ വിദ്യാർത്ഥി മുതൽ ലോകത്തെ മുഴുവൻ സ്വന്തം ആധിപത്യത്തിന് കീഴിൽ ഒതുക്കാൻ ശ്രമിക്കുന്ന വൻ സാമ്രാജ്യശക്തികൾ വരെ ഈ കിട മത്സരത്തിന്റെ ഉദാഹരണങ്ങളാണ്. 'മറ്റുള്ളവർക്ക് എന്ത് സംഭവിക്കുന്നു എന്നത് എൻറെ പ്രശ്നമല്ല; ഞാനായിരിക്കണം ഏറ്റവും വലിയവൻ, എല്ലാവരും എനിക്ക് കീഴിൽ ആയിരിക്കണം' എന്ന ചിന്ത അക്രമങ്ങൾക്കും അനീതിക്കും വഴിതെളിക്കുന്നു.

ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ ചിന്താഗതി. മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുണ്ടിതിന്. മനുഷ്യൻ മനുഷ്യനെ സഹോദരനായി അംഗീകരിക്കാതെ ശത്രുവായി കാണുകയും ബലവാൻ ബലം കുറഞ്ഞവനെ തല്ലിക്കൊല്ലുകയും ചെയ്യുന്ന ഒരു സംഭവമാണ് "കായേനും ആബേലും" എന്ന കഥയിലൂടെ ബൈബിൾ അവതരിപ്പിക്കുന്നത്. ആദ്യ മാതാപിതാക്കന്മാരായ ആദാമിന്റെയും ഹവ്വായുടെയും ആദ്യത്തെ രണ്ട് മക്കളാണ് കായേനും ആബേലും. സഹോദരനെ തള്ളിപ്പറയുകയും തല്ലിക്കൊല്ലുകയും ചെയ്യുന്ന കായേൻ


ബലവാനാണ്. ഭൂമിയിൽ സ്വന്തം ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന അവൻ മറ്റാരെയും അംഗീകരിക്കുകയില്ല ദൈവത്തെ പോലും.

കായേന്റെ പ്രവൃത്തി പാപമാണ്. എന്നാൽ പാപത്തിന്റെ തുടക്കം ഇവിടെയല്ല. സ്വയം ദൈവമാകാൻ ശ്രമിക്കുക വഴി ദൈവത്തെ തള്ളിപ്പറഞ്ഞ ആദാമിലാണ് പാപം തുടങ്ങുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പാപം അടിസ്ഥാനപരമായി ദൈവനിഷേധമാണ്. ആദാമിൻറെ പാപം ആന്തരിക തലത്തിൽ നടക്കുന്ന ഒരു പ്രക്രിയയാണ്. ഞാനാണ് ഏറ്റവും വലിയവൻ എനിക്ക് മുകളിൽ ആരുമില്ല, എന്റെ ഇഷ്ടമാണ് നന്മതിന്മയുടെ മാനദണ്ഡം എന്ന മനോഭാവമാണത്. ഈ മനോഭാവത്തിന്റെ ബാഹ്യപ്രകടനമാണ് കായേന്റെ പാപം. ഇങ്ങനെ നോക്കുമ്പോൾ പാപത്തിന് രണ്ടു വശങ്ങൾ ഉണ്ട്. ദൈവത്തെ മനസ്സുകൊണ്ട് നിഷേധിക്കുന്ന ആന്തരിക വശവും, സഹോദരനെ തിരസ്കരിക്കുക വഴി ദൈവത്തെ പ്രവൃത്തിയിൽ തള്ളിപ്പറയുന്ന ബാഹ്യവശവും. മനുഷ്യർ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂല കാരണം ഈ പാപമാണെന്ന് എന്ന് ബൈബിൾ പഠിപ്പിക്കുന്നു

ആബേലിനെ കൊന്ന് വിജയം ആഘോഷിക്കുന്ന കായേൻറെ ഹൃദയത്തിലേക്ക് ഇടിവാൾ പോലെ കടന്നുവരുന്ന ദൈവത്തിൻറെ

വചനവും ഈ കഥയുടെ അവശ്യഘടകം തന്നെ. സഹോദരനെ ദ്രോഹിക്കുന്നവർ ശിക്ഷിക്കപ്പെടാതെ പോകില്ല. ചെറുത്തുനിൽക്കാൻ ആബേലിന് കഴിഞ്ഞില്ലെങ്കിലും രക്തത്തിന് ദൈവം കണക്ക് ചോദിക്കും. പാവങ്ങളുടെ പക്ഷം ചേരുന്ന ദൈവത്തിൻറെ ചിത്രമാണ് ബൈബിൾ ഇവിടെ വരച്ചുകാട്ടുന്നത്. എന്നാൽ സഹോദരനെ കൊന്നവനു പോലും ദൈവം സംരക്ഷണം നൽകുന്നു.. കാരണം പാപിയുടെ നാശമല്ല മാനസാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത്. തന്നെ തള്ളിപ്പറഞ്ഞ ആദാമിനെ പറുദീസായ്ക്കു പുറത്താക്കിയ ദൈവം തന്നെയാണല്ലോ ആദാമിൻറെ സന്തതികൾക്ക് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തതും.

ദൈവമാണ് മനുഷ്യന് കഴിവുകൾ നൽകിയത്. ആ കഴിവുകളെ വികസിപ്പിക്കുന്നത് സഹോദരങ്ങളെ കൈ കൊടുത്ത് ഉയർത്താൻ വേണ്ടിയായിരിക്കണം. തകർക്കാനാണ് അത് ഉപയോഗിക്കുന്നതെങ്കിൽ "എവിടെ നിൻറെ സഹോദരൻ" എന്ന ദൈവത്തിൻറെ ചോദ്യം അവനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കും.



അടുത്ത വർഷം ഈ വയലും മലയും ഇതു പോലെ കതിർക്കുലകൾകൊണ്ട് ഞാൻ നിറയ്ക്കും. എൻറെ വിളകളെ ദ്രോഹിക്കുന്ന എന്തിനെയും ഞാൻ നിഷ്ക്കരുണം പിഴുതെറിയും.


അധ്വാനിച്ചുണ്ടാക്കിയത് നശിപ്പിക്കാൻ ഞാനാരെയും അനുവദിക്കുകയില്ല. എടാ പന്നീ, കായേൻറെ കരുത്ത് ഇതാ കണ്ടോളൂ

കായേൻ പന്നിയുടെ നേരെ കുതിച്ചു





കൊള്ളാം, നെല്ലും ഗോതമ്പും മാത്രം പോരാ, പഴങ്ങളും വേണം. ഞാൻ ഒരു തോട്ടമുണ്ടാക്കും - എനിക്കായി ഒരു പറുദീസാ.



പറുദീസാ! എൻറെ അപ്പനെയും അമ്മയെയുംആട്ടിപ്പുറത്താക്കിയ ആ പറുദീസായ്ക്കു പകരം ഞാൻ ഇവിടെ ഒരു പറുദീസാ പണിയും.



അല്ലേലും എന്തൊരു ധിക്കാരമാണ് ദൈവം കാണിച്ചത്! വെറും ഒരു പഴം തിന്നതിൻറെ പേരിൽ!!


അതാ വരുന്നു ആബേൽ - അപ്പൻറെയുംഅമ്മയുടെയും പുന്നാരമോൻ
!!


എടാ അനിയാ, നിൻറെ ആടുനോട്ടമൊക്കെ കൊള്ളാം. പക്ഷേ, എന്റെ വയലിലെങ്ങാൻ ആടുകയറി കൃഷി നശിപ്പിച്ചാലുണ്ടല്ലോ....
അത് പ്രത്യേകം പറയണോ? ആകട്ടെ, ചേട്ടൻ എന്താ പറയുന്ന കേട്ടത്?


ഞാൻ പറുദീസായുടെ കാര്യം ഓർക്കുകയായിരുന്നു.


എല്ലാ സുഖവും സമൃദ്ധിയുമുള്ള മനോഹരമായൊരു തോട്ടമായിരുന്നു.
പിന്നെ എന്തേ അവിടുന്ന് പുറത്താ-ക്കപ്പെട്ടു?


അവർ കർത്താവിൻറെ കല്പന ലംഘിച്ചതു കൊണ്ടാണ്.
ഇങ്ങനെ വിവരംകെട്ട ഒരു കല്പന നല്കാൻ കർത്താവിനെന്താ കാര്യം!



കാര്യമുണ്ട്. അത്ര സ്നേഹത്തോടെയല്ലേ ദൈവം അവരെ സൃഷ്ടിച്ചത്?
മണ്ണിൽനിന്ന്!


ദൈവത്തിൻറെ
വിരലുകളാണ് മണ്ണിനു
മനുഷ്യരൂപം
നൽകിയത്.



കർത്താവു ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി.


ജീവൻറെ ശ്വാസം ദൈവം അവനിലേക്ക് നിശ്വസിച്ചു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു.



മണ്ണിൽനിന്ന് എടുക്കപ്പെട്ട വൻ. മനുഷ്യൻ മണ്ണിന്റേതാ ണു. മണ്ണ് മനുഷ്യന്റേതും.
ദൈവത്തിൻറെ ശ്വാസമാണ് മനുഷ്യൻറെ ജീവനെന്നു ചേട്ടനറിയില്ലേ?


എന്തു ശ്വാസം അനിയാ! മണ്ണ് - ജീവിക്കുന്ന മണ്ണാണെടാ നമ്മൾ.
?
ജീവിക്കുന്ന നമുക്ക് ജീവൻ എവിടെനിന്നു കിട്ടിയെന്നു ചേട്ടനെന്തേ ചിന്തിക്കാത്തത്?

ഭൂമിയിലെ എല്ലാ മൃഗങ്ങളും ആദത്തെ അനുസരിച്ചു.





മൃഗങ്ങൾ അനുസരിച്ചാലും അപ്പൻ തനിച്ചായിരുന്നു.
അതുകൊണ്ടാണല്ലോ അമ്മയ്ക്കും ദൈവം രൂപം നൽകിയത്. അപ്പൻറെ വാരിയെല്ലിൽനിന്ന്.



എടാ, മണ്ണിൻറെ കാര്യം നീ വേഗം മറന്നു പോകുന്നു.



മണ്ണിനെ മറന്നിട്ടല്ല. ദൈവത്തിൻറെ സ്നേഹമാണ് എൻറെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്
നിൻറെ ഒരു സ്നേഹം. ##@&&&
തീർച്ചയായും ആ സ്നേഹമായിരുന്നു പറുദീസാ



പറുദീസായിൽ
ആദാം, ഈ പറുദീസാ നിനക്ക് ഞാൻ തരുന്നു. എല്ലാ പഴങ്ങളും നിനക്ക് തിന്നാം. എന്നാൽ



?!
ആ മരത്തിൻറെ പഴംമാത്രം നീ തിന്നരുത്. അതു തിന്നുന്ന ദിവസം നീ മരിക്കും.


അതാണ് എനിക്ക് മനസ്സിലാകാത്തത്.
പഴമല്ല പ്രധാനം. ദൈവത്തിൻറെ കല്പന അനുസരിക്കുമോ ഇല്ലയോ എന്നതാണ്.
പറുദീസാ മുഴുവൻ സ്വന്തമായി കൊടുത്തിട്ടു വീണ്ടുമൊരു കല്പന!



കൊടുത്തത് ദൈവമാണെന്ന് മറക്കാതിരിക്കാൻ.



അന്നൊരുദിവസം, ആ അഭിശപ്ത നിമിഷത്തിൽ
ഹേയ്, ഇങ്ങോട്ടൊന്ന് നോക്കിക്കേ!
!!
ആരാണത്!! എവിടെ നിന്നാണീ ശബ്ദം?



എത്ര ദിവസമായി ഞാൻ നിന്നെ കാത്തിരിക്കുന്നു. ഇങ്ങു അടുത്ത് വരൂ
ങ്ഹും! എന്താ കാര്യം?
നോക്കു, എത്രനല്ല പഴമാണിത്. നിങ്ങളെന്തേ ഈ മരം മാത്രം ഉപേക്ഷിച്ചിട്ടിരിക്കുന്നു?





ആ മരത്തിൻറെ പഴം തിന്നാൽ ഞങ്ങൾ മരിക്കും.
ആരു പറഞ്ഞു നിങ്ങൾ മരിക്കുമെന്ന്?
കർത്താവാണ് പറഞ്ഞിരിക്കുന്നത്.



പച്ചക്കള്ളം. ഈ പഴം തിന്നിട്ട് ഞാൻ മരിച്ചില്ലല്ലോ!
!!


ഒന്നും പേടിക്കാനില്ല. ഒന്ന് പറിച്ചു കടിച്ചു നോക്കു . നിൻറെ കണ്ണ് തുറക്കും
!!



പേടിക്കാതെ തിന്നു നോക്ക്. നിങ്ങൾ ദൈവത്തെപോ ലെയാകും
?!



നീ തനിച്ചു തിന്നാൽ പോരാ, നിൻറെ ഭർത്താവിനും കൊടുക്കണം. അപ്പോഴേ നിങ്ങൾ ഈ പ്രപഞ്ചത്തിൻറെ ഉടമകളാവുകയുള്ളൂ.


ഒന്ന് തിന്നു നോക്കൂ! എന്തൊരു സ്വാദ്. ഇത്രയും നല്ല പഴം ഈ പറുദീസയിൽ വേറെയില്ല.
കർത്താവു വിലക്കിയ മരത്തിൻറെ പഴമല്ലേ ഇത്?



അത് അത്ര കാര്യമാക്കാനുണ്ടോ?
!?
അത് വെറുതെ പറഞ്ഞതാ. നോക്കിക്കേ, തിന്നിട്ടും ഞാൻ മരിച്ചില്ലല്ലോ.
അത് തിന്നാൽ നമ്മൾ മരിക്കും എന്നാണ് കർത്താവു പറഞ്ഞിരിക്കുന്നത്.


കർത്താവ് എന്നോടാണ് കല്പിച്ചിരിക്കുന്നത്
നിങ്ങൾക്ക് എന്നോട് ഒട്ടും സ്നേഹമില്ല.


നമ്മൾ ദൈവത്തെപോലെ യാകും എന്നാണ് പാമ്പു പറഞ്ഞത്.
എന്ത്?
ദൈവ ത്തെപ്പോ ലെയാകും


എന്തിനാണിത്ര ആലോചിക്കുകയും പേടിക്കുകയും ചെയ്യുന്നത്?
ശരി, ആ പഴമിങ്ങു തരൂ!


എന്തൊരു സ്വാദ്! ഇത്രയും നാൾ ഇതു തിന്നാതിരുന്നത് എന്തൊരു വിഡ്ഢിത്തമായിരുന്നു


ഹവ്വാ, നീ പറഞ്ഞത് എത്ര ശരി



എന്താണിത്? പ്രകൃതിയാകെ
മാറിയിരിക്കുന്നല്ലോ.
ആകെ പേടിയാകുന്നു.
?


ഭയവും ലജ്ജയും പാപത്തിൻറെ ഫലം. അവർ അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി മരങ്ങൾക്കിടയിൽ ഒളിച്ചു.
ദൈവത്തിൻറെ മുഖത്തു നമ്മൾ ഇനി എങ്ങനെ നോക്കും?
നമുക്ക് എവിടെയെങ്കിലും ഒളിക്കാം.


ആദം, നീ എവിടെ? എന്തിന് ഒളിച്ചിരിക്കുന്നു?
?!
നഗ്നനായതിനാൽ എനിക്ക് പേടിയാകുന്നു.



ദൈവമാകാൻ ശ്രമിച്ചിട്ട് ഇപ്പോൾ നാണവും പേടിയും അല്ലെ? ഇറങ്ങി വരൂ.


ഞാൻ തിന്നരുതെന്നു പറഞ്ഞ പഴം നീ തിന്നോ?
അങ്ങ് എനിക്ക് കൂട്ടിനു തന്ന ഈ സ്ത്രീയാണ് എന്നെ വഞ്ചിച്ചത്.
!?


ആ പാമ്പ്
എന്നെ
ചതിച്ചു.


സർപ്പവും സ്ത്രീയും! ചെയ്ത തെറ്റിൻറെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നോ?


ഞാനാണ്, ഞാൻ മാത്രമാണ് ദൈവമെന്നു മനസ്സിലാക്കുന്നതു വരെ പോയി കഷ്ടപ്പെട്ട് ജീവിക്ക്. മണ്ണായ നീ മണ്ണിലേക്ക് തന്നെ മടങ്ങും.
?


ദൈവം അവരെ പറുദീസാക്കു പുറത്താക്കി.
കടക്കൂ പുറത്ത്


സ്നേഹിച്ച ദൈവത്തെ ധിക്കരിക്കുകയും വഞ്ചിക്കുകയും ചെയ്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചത്?
ദൈവത്തിന് സ്ഥാനം നഷ്ടപ്പെടും എന്ന പേടിയാണല്ലേ?


എന്തുപേടി? ദൈവം ഒരുവനല്ലേയുള്ളു? നമുക്ക് ദൈവമാകാൻ പറ്റുമോ?


തിന്മയുടെമേൽ നമുക്ക് വിജയം നൽകും എന്ന വാഗ്ദാനവും ദൈവം തന്നിട്ടുണ്ടല്ലോ.
സ്ത്രീയുടെ സന്തതി സർപ്പത്തിൻറെ തല തകർക്കും എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്.
എന്ത് വാഗ്ദാനം?


നീ ഇതെല്ലം എങ്ങനെ അറിഞ്ഞു?
അപ്പനും അമ്മയും പറഞ്ഞു തന്നതാ.
എന്നിട്ട് എന്നോട് ഇതൊന്നും പറഞ്ഞിട്ടില്ലല്ലോ?


അതിനു ചേട്ടൻ വീട്ടിൽ ഇരുന്നിട്ടു വേണ്ടേ!
ഇപ്പോൾ എനിക്കു ചില തൊക്കെ മനസ്സി ലാകുന്നുണ്ട്!



ചേട്ടൻ ഇങ്ങനെ കഷ്ടപ്പെടുന്നത് കണ്ട് അപ്പനും അമ്മയും വേദനിക്കുന്നുണ്ട്.
മതിയെടാ നിൻറെ പ്രസംഗം. ഈ മണ്ണ് എന്റേതാണ്. ഞാൻ അധ്വാനിച്ച് ഇതൊരു പറുദീസയാക്കും.
?



ഇതാണ് എൻറെ ആയുധം. ഇതുകൊണ്ട് ഞാൻ ഈ ഭൂമി കീഴടക്കും.
അയ്യോ, സമയം സന്ധ്യയാകാറായി. ആടുകൾ എല്ലാം ഏതിലേ പോയോ ആവൊ?



വേഗം പോയി നോക്ക്. എൻറെ വയലിലെങ്ങാൻ കയറിയിട്ടുണ്ടെങ്കിൽ എല്ലാറ്റിൻറെയും അവസാനമായിരിക്കും.


ഞാൻ പോയി നോക്കട്ടെ. നാളെ ബലിയർപ്പിക്കാനുള്ള ദിവസമാണല്ലോ. നമുക്കൊരുമിച്ചു ബലിയർപ്പിക്കാം.
കൂട്ടുകൃഷിയൊന്നും വേണ്ടാ. ഞാൻ തന്നെ അർപ്പിച്ചോളാം.


ആബേൽ പോയിക്കഴിഞ്ഞപ്പോൾ
അപ്പോൾ അത് അങ്ങനെയാണ്. അപ്പനും അമ്മയ്ക്കും അവനെയാണ് കാര്യം. അവൻ ജനിച്ചപ്പോൾ മുതൽ എന്നെ പുറന്തള്ളിയിരിക്കുകയല്ലേ. വേദന പോലും!



ഞാൻ
വിയർപ്പുകൊണ്ടു നനച്ചു
വളർത്തിയ എൻറെ
ഗോതമ്പു വയലിൽ
അവൻറെ ആട്!




എടാ നിനക്ക് എൻറെ വയലിൽതന്നെ വേണം ആടു തീറ്റാൻ അല്ലേ? ഇതും അപ്പനും അമ്മയും പറഞ്ഞിട്ടാണോ?


ഇതൊന്നു ചോദിച്ചിട്ടേയുള്ളു. അല്ലെങ്കിൽ ബലിയർപ്പണം കഴിഞ്ഞിട്ടാകട്ടെ. ഇന്ന് രാത്രി ഞാൻ എൻറെ വയലിൽ ഉറങ്ങും.


നാളെ പുലർച്ചക്കു ബലിയർപ്പിക്കണം. അപ്പന്റെയും അമ്മയുടെയും ആഗ്രഹമല്ലേ. നടക്കട്ടെ.



അന്നു സന്ധ്യക്ക് ആദത്തിൻറെ ഗുഹയിൽ
സന്ധ്യയായി. കായേൻ ഇതു വരെയും മടങ്ങി വന്നില്ലല്ലോ.
ചേട്ടൻ ആകെ കോപിച്ചിരിക്കുകയാണ്.
അവനെന്താ ഇത്ര കോപിക്കാൻ?


കുറച്ചു നാളായിട്ടു അവൻ അകെ മാറിയിരിക്കുന്നു.
ഈ ഭൂമിയിൽ സ്വന്തം പറുദീസാ ഉണ്ടാക്കുമെന്ന് ശപഥം ചെയ്തിരിക്കയാണ്.
അത് സാധ്യമല്ലെന്നു അവൻ മനസ്സിലാക്കും. ഞാനും ഒരിക്കൽ അങ്ങനെ ചിന്തിച്ചതാ.



മോനേ, നീ അങ്ങനെയൊന്നും ചിന്തിക്കരുത്. ആകട്ടെ, ബലിയർപ്പിക്കാനുള്ള ആട്?
ഒരു കടിഞ്ഞൂൽ കൊറ്റനെ തിരഞ്ഞെടുത്തു നിർത്തിയിട്ടുണ്ട്.
!!



മോനേ, അതിരാവിലെ എണീറ്റ് പുഴയിൽ പോയി കുളിച്ചിട്ടുവേണം ബലിയർപ്പിക്കാൻ. ബലി യർപ്പിക്കുമ്പോൾ കർത്താവ് അഗ്നിയിറക്കി ആടിനെ ദഹിപ്പിക്കും.
ചേട്ടനെ കാണുന്നില്ലല്ലോ.
ഇനി കിടന്നുറങ്ങ്. അവൻ വയലിൽ തങ്ങിക്കാണും.


എൻറെ ദൈവമേ, ചേട്ടന് നല്ല ബുദ്ധി കൊടുക്കണേ.


ആ സമയം കായേൻ തൻറെ ഗുഹയിൽ
കാറ്റു കടക്കാത്ത ആ ഗുഹയെക്കാൾ എത്ര മെച്ചമാണ് ഈ തുറന്ന സ്ഥലം. പേടിത്തൊണ്ടന്മാർ അവിടെ കഴിയട്ടെ. അവരുടെ കൂടെ കഴിയാൻ ആർക്കു സാധിക്കും?

പിറ്റേന്ന് പ്രഭാതത്തിൽ കായേനും ആബേലും ബലിയർപ്പിക്കാൻ ഒരുങ്ങി.




എൻറെ ബലി
കർത്താവ് ആദ്യം
സ്വീകരിക്കണം.


എൻറെ ഏറ്റവും നല്ല മുട്ടാടിനെ ഞാൻ കർത്താവിനു കൊടുക്കുന്നു. കർത്താവു സ്വീകരിച്ചാൽ മതിയായിരുന്നു.



അപ്പനും അമ്മയും പറഞ്ഞതനുസരിച്ചു ഞാനിതാ എൻറെ വിളവിൻറെ ആദ്യഫലം അർപ്പിക്കുന്നു. അഗ്നി അയച്ചു സ്വീകരിച്ചാലും.


കർത്താവായ ദൈവമേ, ഞാനും എനിക്കുള്ളതൊക്കെയും അങ്ങയുടേതാണ്. ഈ എളിയ കാഴ്ച സ്വീകരിച്ചു ദാസനെ അനുഗ്രഹിക്കണമേ!


ആബേലിലും അവൻറെ കാഴ്ചയിലും കർത്താവു പ്രസാദിച്ചു.




കായേനിലും അവൻറെ കാഴ്ചയിലും കർത്താവു പ്രസാദിച്ചില്ല. .
കർത്താവിനും ആബേലിനോടാ ണ് ഇഷ്ടം.


എന്നെ ഈ കോമാളി വേഷം കെട്ടിച്ചത് എന്തിനെന്നു അവരോടു ചോദിച്ചിട്ടു തന്നെ കാര്യം.


കായേൻ മാതാപിതാക്കന്മാരുടെ ഗുഹക്കടുത്ത്
എടാ മോനേ, നീ ഇന്നലെ രാത്രി എവിടെ യായിരുന്നു?
?!
എന്തിന് കഴിഞ്ഞ രാത്രിയെക്കുറിച്ചു പറയുന്നു - ഇന്നത്തെ കാര്യം പറഞ്ഞുകൂടേ?
?


എന്തുണ്ടായി? നീ ബലിയർപ്പിച്ചില്ലേ?
കായേൻറെ കാഴ്ച ആർക്കു വേണം!


എടാ, എളിമയോടെ അർപ്പിച്ചാൽ നിൻറെ ബലിയും കർത്താവു സ്വീകരിക്കുമായിരുന്നില്ലേ?
ങ്ഹും, ഇനി അതിൻറെ കുറവാ!



നിങ്ങൾ രണ്ടുപേരും ഒരുമിച്ച് ഒരു ബലിപീഠത്തിൽ അർപ്പിക്കണമെന്നല്ലേ ഞാൻ പറഞ്ഞത്?
അവൻറെ കൂടെ ആയാലേ എൻറെ ബലി സ്വീകരിക്കുകയുള്ളൂ അല്ലേ?
?!


ചേട്ടൻ എന്തിനാ ഇങ്ങനെ വെറുതേ കോപിക്കുന്നത്?
നിങ്ങളെ അനുസരിക്കാൻ പോയതുകൊണ്ട് ഞാൻ ഒരു വിഡ്ഢിയായി.



മതിയെടാ, നീ അധികം പ്രസംഗിക്കേണ്ട.
ചേട്ടാ ദൈവം നമ്മുടെ ഹൃദയമല്ലേ കാണുന്നത്?
!
നീയും നിൻറെ ഹൃദയവും! നിന്നെയൊക്കെ പിന്നെ കണ്ടോളാം.



നിങ്ങൾ സുഖമായി കഴിഞ്ഞുകൊള്ളുവിൻ. കർത്താവിൻറെ പ്രീതിയുണ്ടല്ലോ കൂട്ട്.


കായേൻ, മകനേ, നീ ഞങ്ങളെ ഉപേക്ഷിച്ചു പോവുകയാണോ?
കായേൻ, മടങ്ങിവരൂ!
ചേട്ടൻ പോകരുത്


എല്ലാവരോടും കായേന് വെറുപ്പായി. നിമിഷങ്ങൾ കഴിയുംതോറും വെറുപ്പ് ശത്രുതയായി വളർന്നു. അവൻ ഒരു സംഹാരമൂർത്തിയായിത്തീർന്നു.
അവൻ എനിക്കൊരു ഭീഷണിയാണ്. അവൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം എനിക്ക് ഈ ഭൂമിയിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുകയില്ല.



അവനേയും അവൻറെ ആടിനെയും വക വരുത്തിയേ ഞാനടങ്ങൂ!



അതാ അവൻ വരുന്നു.
ഇതുതന്നെ പറ്റിയ അവസരം!



ഹാ! ചേട്ടാ, ഞാൻ എവിടെയെല്ലാം തിരഞ്ഞു.
!!
ഇങ്ങു വാടാ, വാ അടുത്തു വാ



ചേട്ടാ, എന്നെ കൊല്ലല്ലേ, ദൈവമേ!
ഠാാാപ്......


വിളിക്കടാ, ഉറക്കെ വിളിക്ക്. രക്ഷിക്കാൻ ദൈവം ഇറങ്ങിവരുന്നതൊന്നു കാണട്ടെ.
ദൈവമേ.... എന്നെ കൊല്ലല്ലേ... അ... അമ്മേ...


അവൻറെ കഥ കഴിഞ്ഞു. ഇനി ഞാൻ മാത്രമാണ് ഈ ഭൂമിയുടെ അധിപൻ.
കായേൻ!
?


കായേൻ, നിൻറെ സഹോദരൻ ആബേൽ എവിടെ?
എനിക്കറിയില്ല. സഹോദരൻറെ കാവൽക്കാരനാണോ ഞാൻ?


എന്താണ് നീ ചെയ്തത്?
നിൻറെ സഹോദരൻറെ രക്തം
എന്നെ വിളിച്ചു കരയുന്നു.
മണ്ണിൽ നിന്നുയരുന്ന
രക്തത്തിൻറെ നിലവിളി
എൻറെ കാതുകളിൽ
വന്നലയ്ക്കുന്നു.



നിൻറെ സഹോദരൻറെ രക്തം കുടിച്ച ഈ ഭൂമിയിൽ നീ ശപിക്കപെട്ടവ നായിരിക്കും. ഈ മണ്ണ് നിനക്ക് ഫലം തരില്ല. ഭൂമി നിനക്ക് അഭയം തരില്ല. എൻറെ ശാപവും പേറി നീ അലയും.
ഞാൻ സ്വന്തമാക്കാൻ ആഗ്രഹിച്ചത് എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു.


ഇനി ഞാൻ എവിടെ പോകും? കർത്താവിൻറെ മുമ്പിൽ നിന്ന് ഞാൻ എങ്ങനെ ഒളിക്കും?


കർത്താവിനേക്കാൾ ശക്തനാണ് ഞാൻ എന്ന് കരുതി. ഇനി എല്ലാവരും എന്നെ കൊല്ലാൻ നോക്കും.


കർത്താവിനോട് മറുതലിച്ചവന് പ്രകൃതി ശത്രുവായി.
??


വന്യമൃഗങ്ങൾ അവനെ വേട്ടയാടി.
ഗ്ർർർ....ഗ്


ഈ ശിക്ഷ എനിക്ക് താങ്ങാനാവില്ല. എവിടെപ്പോയി രക്ഷപെടും! ഇല്ല, എനിക്ക് രക്ഷയില്ല.


ഇനി എനിക്ക് മരിച്ചാൽ മതി.
ഇല്ല കായേൻ, നിനക്ക് മരണമില്ല. നിൻറെ പാപവും പേറി നീ നീറി നീറി അലയും.
ജീവിക്കാനും മരിക്കാനും ആവാത്ത അവസ്ഥ! ഈ ശിക്ഷ എനിക്ക് താങ്ങാനാവില്ല.

**ഈ ചിത്രകഥയും ഇതിന് ആധാരമായ ബൈബിൾ ഭാഗവും (ഉല്പത്തി 2: 5 മുതൽ 4: 16 വരെ) വായിച്ചശേഷം താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

1. എന്തുകൊണ്ടാണ് കായേന്റെ ബലി കർത്താവ് സ്വീകരിക്കാതിരുന്നത്?
2. കായേൻ ആബേലിനെ കൊല്ലാൻ കാരണമെന്ത്?
3. പറുദീസാ എന്നാൽ എന്ത്?
4. ആദാമിന് കർത്താവ് നൽകിയ കല്പന എന്തായിരുന്നു? എന്തായിരുന്നു ആ കല്പനയുടെ ഉദ്ദേശ്യം?
5. ആദാമും ഹവ്വായും പറുദീസായിൽനിന്നു പുറത്താക്കപ്പെടാൻ കാരണമെന്ത്?
6. ആദിമാതാപിതാക്കന്മാർക്ക് ദൈവം നൽകിയ വാഗ്ദാനം എന്ത്?
7. കായേന് ദൈവം നൽകിയ ശിക്ഷ എന്ത്?
8. ദൈവം കായേനെ മരിക്കാൻ അനുവദിക്കാത്തത് എന്തുകൊണ്ട്?
9. കായേൻ എന്തിന്റെ പ്രതീകമാണ്?
10. കായേനും ആബേലും ഇന്നും ജീവിക്കുന്നു. വ്യക്തമാക്കുക.

മാനവ ചരിത്രത്തിൻറെ ആരംഭത്തിൽ ജീവിച്ചു മരിച്ച ഒരു മനുഷ്യൻ മാത്രമല്ല കായേൻ. കായേൻ ഒരു പ്രതീകമാണ്. സഹോദരനെ വെറുക്കുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യന്റെ പ്രതീകം.

തിന്മക്കു അടിപെട്ട മനുഷ്യനാണ് കായേൻ. അവൻ ഇന്നും ജീവിക്കുന്നു.



# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും